**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 10 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.05.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** 2015-16 സാമ്പത്തിക വർഷ പദ്ധതിയിൽ 314 തദ്ദേശഭരണസ്ഥാപനങ്ങൾ ആകെ 2172.37 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം നേടിയതായി യോഗം നിരീക്ഷിച്ചു. ഇതിൽ 269 ഗ്രാമപഞ്ചായത്തുകൾ 1645.27 കോടി രൂപയുടെ പ്രോജക്ടുകൾക്കും, 41 ബ്ലോക്ക് പഞ്ചായത്തുകൾ 390.15 കോടി രൂപയുടെയും, ഒരു ജില്ലാ പഞ്ചായത്ത് 89.53 കോടി രൂപയുടെയും, 3 മുനിസിപ്പാലിറ്റികൾ 51.71 കോടി രൂപയുടെയും പ്രോജക്ടുകൾക്കാണ് അംഗീകാരം നേടിയത്.

**2.2** സംസ്ഥാനത്തൊട്ടാകെ ഏകദേശം 800 ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾക്ക് അതത് പഞ്ചായത്ത് കമ്മിറ്റികൾ അംഗീകാരം നൽകിയതായി പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ അറിയിച്ചു. ഏകദേശം 20 ശതമാനം പഞ്ചായത്തുകളിൽ മാത്രമാണ് മരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് അന്തിമ തീരുമാനമാകാത്തതെന്നും, അതിനാൽ പഞ്ചായത്തുകളുടെ ഭാഗത്തു നിന്നുള്ള കാലവിളംബമായി അത് സാമാന്യവത്ക്കരിക്കാനാവില്ലെന്നും ജോയിന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.
ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), റീജിയണൽ മുനിസിപ്പൽ ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ അംഗങ്ങളായിട്ടുള്ള ജില്ലാതല റിവ്യൂ കമ്മിറ്റി മാസത്തിൽ കുറഞ്ഞതു രണ്ടു തവണയെങ്കിലും കൂടുന്നതിനും റിപ്പോർട്ട് എസ്.ആർ.ജി, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, പഞ്ചായത്ത് ഡയറക്ടർ, അർബൻ അഫയേഴ്സ് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, സംസ്ഥാന പ്ലാനിംഗ് ബോർഡ് എന്നിവിടങ്ങളിലേയ്ക്ക് അയക്കുന്നതിനും നിർദ്ദേശം നൽകി. പ്രസ്തുത കമ്മിറ്റിയുടെ കൺവീനറായി ജില്ലാ പ്ലാനിംഗ് ഓഫീസറെ നിയോഗിക്കാനും ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് പദ്ധതി നവീകരണത്തിലും പദ്ധതി നടപ്പിലാക്കുന്നതിനും കാലതാമസം വരുത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെ പ്രസ്തുത യോഗങ്ങളിലേയ്ക്ക് വിളിച്ചു വരുത്താൻ ചുമതലപ്പെടുത്തിയും തീരുമാനിച്ചു. ജില്ലാതല റിവ്യൂ കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായാൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും യോഗം തീരുമാനിച്ചു.

**2.3**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ അംഗീകരിക്കുന്നതിന് ജില്ലാ ആസൂത്രണസമിതികൾ യോഗം ചേരുന്നതിനുള്ള അവസാന തീയതി 2015 ജൂൺ 15 വരെ ദീർഘിപ്പിച്ച് തീരുമാനിച്ചു.

**2.4** ഓപ്പണിംഗ് ബാലൻസ് ക്രമീകരിക്കണമെന്നുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ട്രഷറി കണക്കുകൾ അവലംബമാക്കി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പു മേധാവിക്ക് (പഞ്ചായത്ത് ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ/അർഹൻ അഫയേഴ്സ് ഡയറക്ടർ) സമർപ്പിക്കേണ്ടതും അവിടെ നിന്നുമുള്ള റിപ്പോർട്ട് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർക്ക് നൽകേണ്ടതും അദ്ദേഹം ശുപാർശ നൽകുന്നതു പ്രകാരം തിരുത്തൽ വരുന്നതിന് ഐ.കെ.എം.നെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.

**2.5** പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ കാലയളവ് അവസാനിക്കുന്ന 2017 മാർച്ചിനകം പൂർത്തീകരിക്കാവുന്ന ബഹു വർഷ പദ്ധതികൾ മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാവൂ എന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

**2.6** 13.05.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 2.5 പ്രകാരം രൂപീകരിച്ച ഇ–ടെണ്ടർ സംബന്ധിച്ച സബ്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് യോഗം ചർച്ച ചെയ്തു. ഈ വിഷയത്തിൽ wp(c) No.15444/2015E റിട്ട് പെറ്റിഷനിൽ പരാതിക്കാരെക്കൂടി കേൾക്കുന്നതിന് ബഹു.ഹൈക്കോടതി ഉത്തരവായി എന്നറിഞ്ഞ സാഹചര്യത്തിൽ പരാതിക്കാരെ കേൾക്കുന്നതിന് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്മേൽ അടുത്ത യോഗത്തിൽ തീരുമാനിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 ആലപ്പാട് ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള സംഭരണത്തിന് 500 ലിറ്റർ വരെ ശേഷിയുള്ള സിന്തറ്റിക് ടാങ്കുകൾ യൂണിറ്റ് കോസ്റ്റ് 2000 രൂപയിൽ അധികരിക്കാതെ 75% സബ്സിഡിയോടെ നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.എ3/30/2015/തസ്വഭവ)

പഞ്ചായത്തിൽ സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കാൻ അനുവദിക്കണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതല്ല എന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ചെലവുകൾക്ക് ജില്ലാ പഞ്ചായത്തിന്റെ ജനറൽ ഫണ്ടിൽ നിന്ന് 2 ലക്ഷം രൂപ നൽകാൻ അനുമതി നൽകി തീരുമാനിച്ചു. എന്നാൽ ഇപ്രകാരം നൽകുന്ന തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ജില്ലാ പോലിസ് മേധാവിയിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ടതാണെന്നു നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 പഞ്ചായത്ത് ഡയറക്ടറുടെ കത്ത് – വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തുകളുടെ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കാനുള്ള തീയതി 31.07.2015 വരെ ദീർഘിപ്പിച്ചു തീരുമാനിച്ചു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം 31.07.2015 വരെ ഇതിനു സമയം ഉള്ളത് പരിഗണിച്ചാണ് ഇപ്രകാരം തീരുമാനിച്ചത്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 നാദാപുരം ഗ്രാമപഞ്ചായത്ത്**

ജീർണ്ണാവസ്ഥയിലുള്ള ലക്ഷം വീട്ടിൽ താമസിക്കുന്ന ശ്രീമതി.ബിയ്യാത്തു എന്ന അഗതിയായ സ്ത്രീക്ക് കുടുംബം എന്ന പരിഗണന നൽകി വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് (ബഹു.ഇടുക്കി എം.എൽ.എ ശ്രീ.റോഷി അഗസ്റ്റിൻ മുഖാന്തിരം)**

കമ്പ്യൂട്ടർ സാക്ഷരത എന്ന പ്രോജക്ടിൽ ചില ഇനങ്ങളിൽ അധിക ചെലവുണ്ടായതും നടപടിക്രമങ്ങളിൽ വ്യതിയാനമുണ്ടായതും മാർഗരേഖ യിലെ വ്യവസ്ഥകൾ പാലിച്ച് ഡി.പി.സി.യിൽ സമർപ്പിച്ച് ഭേദഗതിക്ക് അംഗീകാരം നേടാവുന്നതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 വാഴൂർ ബ്ലോക്ക് പഞ്ചായത്ത്**

ഡി.പി.സി. അനുമതി നിഷേധിച്ച രണ്ട് പ്രോജക്ടുകളുടെ വിശദ വിവരങ്ങൾ ഗ്രാമവികസന കമ്മീഷണർ മുഖേന സമർപ്പിക്കാൻ യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.ബി.3/90/15/തസ്വഭവ)**

പഞ്ചായത്തിന്റെ പഴക്കം ചെന്ന ബൊലേറോ വാഹനം പാലിയേറ്റീവ് കെയറിനായി കൈമാറുന്നതിന് അനുമതി നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കൈനകരി ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.ബി.3/94/15/തസ്വഭവ)**

എട്ടും ഒൻപതും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാ ർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത് (ഫയൽ ഡി.എ2/216/15/തസ്വഭവ)**

ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിന് ജനറേറ്റർ വാങ്ങാൻ അനുവദിക്കണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നതല്ലെന്നു യോഗം നിരീക്ഷിച്ചു. ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കമ്മിറ്റിയുടെ പരിഗണനയ്ക്ക് മേലിൽ സമർപ്പിക്കേണ്ടതില്ലെന്നും അത്തരം ഫയലുകൾ മടക്കി അയക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 സി.ഡിറ്റ് രജിസ്ട്രാറുടെ കത്ത് (ഫയൽ ഡി.എ1/36/15/തസ്വഭവ)**

സാധനസാമഗ്രികൾ സ്വന്തമായി നിർമ്മിക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് അവ പരസ്യ ടെണ്ടർ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രൊക്യൂർ ചെയ്യാൻ അനുമതിയുള്ളതിനാൽ സി-ഡിറ്റിനും അതു ബാധകമാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ എഫ്.എം.3/90/15/തസ്വഭവ)**
ഗുണഭോക്തൃ സമിതി കരാറിൽ ഏർപ്പെട്ടതു പ്രകാരമുള്ള ഇനങ്ങൾ നിർവഹണം നടത്താതിരുന്ന സാഹചര്യത്തിൽ റിസ്ക്ക് & കോസ്റ്റിൽ നിന്ന് ഗുണഭോക്തൃസമിതി കൺവീനറെ ഒഴിവാക്കണമെന്ന ആവശ്യം വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാൻ യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കോലഴി ഗ്രാമപഞ്ചായത്ത് (ഫയൽ ഡി.ബി.3/132/15/തസ്വഭവ)**
പാലിയേറ്റീവ് കെയറിനായി മാർക്കറ്റ് നിരക്കിൽ വാഹനം വാങ്ങുന്നതിന് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ കമ്പനിയുടെ നേരിട്ടുള്ള ഇൻവോയ്സ് പ്രകാരം വാഹനം വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 മുഖത്തല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ ഡി.ഡി.2/165/15/തസ്വഭവ)**
നിർമ്മൽ ഗ്രാമപുരസ്ക്കാർ അവാർഡ് തുക ഉപയോഗിച്ച് സ്വകാര്യ ട്രസ്റ്റിന്റെ നിയന്ത്രണത്തിലുള്ള MGTGHS സ്ക്കൂളിൽ സാനിട്ടറി കോംപ്ലക്സ് നിർമ്മിച്ചു നൽകാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ ഡി.ഡി.2/14415/തസ്വഭവ)**
സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് അനുമതി നിരസിച്ചും, പട്ടികജാതി/പട്ടികവർഗക്കാരായ പ്ലസ് ടൂ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം നൽകുന്നത് മികച്ച എൻട്രൻസ് കോച്ചിംഗ് സെന്ററുകളെ നടപടി ക്രമങ്ങൾ പാലിച്ച് കണ്ടെത്തിയശേഷം അവിടങ്ങളിൽ മാത്രമേ പരിശീലനം നടത്താവൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകരിച്ചും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽ ഡി.ബി3/124/15/തസ്വഭവ)**
കുട്ടികളുടെ വളർച്ചാ തകരാറുകൾക്കുള്ള ആയുർവേദ ചികിത്സ എന്ന പ്രോജക്ടിലെ സ്റ്റാഫിന് പ്രോജക്ട് കാലയളവ് പൂർത്തീകരിക്കുന്നതുവരെ ഹോണറേറിയം നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കുളക്കട ഗ്രാമപഞ്ചായത്ത് (ഫയൽ ഡി.എ2/215/15/തസ്വഭവ)**
ആർ.ജി.പി.എസ്.എ. പദ്ധതിയിലെ വെർച്വൽ ക്ലാസ്സ് വിദ്യാജോതി എന്ന പദ്ധതി മുഖേന സർക്കാർ എൽ.പി. സ്ക്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, കുട, ബുക്ക്, പേന പെൻസിൽ എന്നിവ നൽകുന്നതിനും സാന്ത്വനം എന്ന പ്രോജക്ടിലൂടെ ഓണ സമ്മാനമായി ജൈവ പച്ചക്കറികളും ഖാദി വസ്ത്രവും നൽകുന്നതും പരിഗണനാർഹമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് (ഫയൽ ഡി.എ2/221/15/തസ്വഭവ)**
വിനോദ സഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി 20 ലക്ഷം രൂപ ചെലവിൽ കോട്ടേജ് നിർമ്മിക്കുന്ന പ്രോജക്ടിന് അംഗീകാരം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19. കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്ത് (ഫയൽ ഡി.എ1/35/15/തസ്വഭവ)**

വിവധ വകുപ്പുകളിൽ തദ്ദേശഭരണ സ്ഥാപനങ്ങലുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അഭാവം പരിഹരിക്കുന്നതും ജില്ലയിൽ പേപ്പട്ടിശല്യം ഒഴിവാക്കുന്നതിനും റാബീസ് വാക്സിൻ ലഭ്യമാകുന്നതിനും നടപടി സ്വീകരിക്കുന്നതും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങളല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്**

പട്ടികജാതിക്കാർക്ക് 2011-12 മുതൽ 2013-14 വരെ വർഷങ്ങളിൽ മഴവെള്ള സംഭരണി നൽകിയതു സംബന്ധിച്ച ഓഡിറ്റ് തടസ്സം സംബന്ധിച്ച വിഷയത്തിന്മേൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് (ഫയൽ നം.168656/ഡി.സി.1/15/തസ്വഭവ)**

ഗാർഹിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകാൻ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും തനത് ഫണ്ടിൽ നിന്നും 10067 രൂപ വീതം വകയിരുത്താൻ അനുവദിക്കണമെന്ന ആവശ്യം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് (ബഹു. കോട്ടയ്ക്കൽ എം.എൽ.എ. എം.പി. അബ്ദുൾ സമദ് സമദാനി മുഖേന)**

2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ശിഹാബ് തങ്ങൾ ചാരിറ്റബിൾ ട്രസ്റ്റിന് ആംബലൻസ് വാങ്ങി നൽകുന്നത് പരിഗണനാർഹമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 പത്തനംതിട്ട മുനിസിപ്പാലിറ്റി (ഫയൽ നം.5292 /ഡി.എൽ2/15/തസ്വഭവ)**

ജി.ഐഎസ്. മാപ്പ് തയ്യാറാക്കൽ പദ്ധതി 2013-14 വർഷം നടപ്പാക്കിയതിന് സാധൂകരണം നൽകണമെന്നും ബാക്കിയായി നൽകാനുള്ള 509710 രൂപ നൽകാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടത് പ്രത്യേക കേസായി യോഗം അംഗീകരിച്ചു. പി.ഡബ്ല്യൂ.ഡി. ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ പല ആവശ്യങ്ങൾക്കായി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. പല തദ്ദേശഭരണ സ്ഥാപനങ്ങളും വിവിധ ഏജൻസികൾ ഉപയോഗിച്ച് ജി.ഐ.എസ് മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളും സ്ഥാപനങ്ങളും തയ്യാറാക്കിയ ജി.ഐ.എസ്. മാപ്പുകൾ പഞ്ചായത്തുകളുടെ ആവശ്യത്തിനു കൂടി ഉപയോഗിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ഐ.കെ.എം. ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 അതിയന്നൂർ ബ്ലോക്ക്പഞ്ചായത്ത് (ഫയൽ നം. ഡി.ഡി.2/169/2015/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ അനുവദിക്കണമെന്നയാവശ്യം പരഗിണനാർഹമല്ലെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. ഡി.എ1/55/2015/തസ്വഭവ)**

2015-16 വർഷം മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് 6 മീറ്റർ വീതിയുള്ള ഗ്രാമീണ റോഡുകളുടെ മെയിന്റനൻസ് ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്തിനെ അനുവദിക്കണമെന്ന ആവശ്യം 16.04.2015-ലെ യോഗത്തിൽ ഇനം 3.9 പ്രകാരം സംയുക്ത പദ്ധതികളായി ഏറ്റെടുക്കാൻ അനുവദിച്ചിട്ടുള്ളതാണെന്ന് (ഫയൽ.34033/ഡി.ഡി.2/15/തസ്വഭവ ) യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. ഡി.ഡി2/151/2015/തസ്വഭവ)**

2010-11 വർഷം നടപ്പാക്കിയ വിജ്ഞാൻ ജ്യോതി സാക്ഷരത പദ്ധതിയുടെ ഭാഗമായി വികസന ഫണ്ട് ചെലവാക്കി നടത്തിയ പഠനയാത്രയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നയാവശ്യം 11.03.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഇനം 3.11 പ്രകാരം ചർച്ച ചെയ്തതും വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചതുമാണെന്നും (ഫയൽ 34033/ഡി.ഡി.2/15) യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ഊർജ്ജ വകുപ്പിന്റെ കുറിപ്പ് (ഫയൽ നം. ഡി.എ1/49/2015/തസ്വഭവ)**

പ്രാദേശിക ഊർജ്ജ വികസന സ്കീം (LAPDS Local Area Power Development Scheme) നടത്തിപ്പിന് ഓരോ അസംബ്ലി മണ്ഡലത്തിലെയും കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ യഥാക്രമം 3 ലക്ഷം രൂപ , 2 ലക്ഷം രൂപ, ഒരു ലക്ഷം രൂപ തോതിൽ കോർപ്പസ് ഫണ്ട് രൂപീകരണത്തിന് കെ.എസ്.ഇ.ബി.യ്ക്ക് സംഭാവന നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുകയും ലൈൻ നീട്ടൽ, തെരുവുവിളക്ക് സ്ഥാപിക്കൽ എന്നീ ആവശ്യങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളെല്ലാം ഇപ്പോൾ തന്നെ കെ.എസ്.ഇ.ബി.യ്ക്ക് തുക അടച്ചു പോരുന്നുണ്ടെന്ന് നിരീക്ഷിക്കുകയും ചെയ്തു. അതിനാൽ പ്രത്യേകമായ സംഭാവന നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 കാരശ്ശേരി ഗ്രാമപഞ്ചായത്ത് (ബഹു. എം.എൽ.എ ശ്രീ. സി. മോയിൻകുട്ടി എം.എൽ.എ മുഖേന)**

2014-15 വാർഷിക പദ്ധതിയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സിഡ്കോ മുഖേന മേശ വാങ്ങിയതിലുണ്ടായ അധിക ചെലവിന് പ്രത്യേക കേസായി സാധൂകരണം നൽകി തീരുമാനിച്ചു. സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന വസ്തുക്കളല്ലാതെ ഒരു സാധനവും ഒരു തദ്ദേശഭരണ സ്ഥാപനവും ടെണ്ടർ മുഖേന അല്ലാതെ വാങ്ങരുതെന്ന് യോഗം താക്കീത് ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29. ജില്ലാ പഞ്ചായത്ത് മലപ്പുറം**

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കിഡ്നി പേഷ്യൻസ് വെൽഫയർ സൊസൈറ്റിക്ക് ജില്ലയിലെ മുനിസിപ്പാലിറ്റികൾ 5 ലക്ഷം രൂപവരെ സംഭാവന നൽകാൻ അനുവദിക്കണമെന്നയാവശ്യം യോഗം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 കേരള സ്റ്റേറ്റ് ഹാൻഡികാപ്ഡ് പേർസൺസ് വെൽഫയർ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ കത്ത്**

ദേശീയ വികലാംഗ പുനരധിവാസ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾക്ക് പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നു തുക അനുവദിക്കാൻ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 അടിമാലി ഗ്രാമപഞ്ചായത്ത് (ഫയൽനം. ഡി.എ2/241/15/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ അംഗനവാടികളിലെ പ്രീ-സ്ക്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം (WBNP) നൽകുന്നത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമായശേഷം ചർച്ച ചെയ്യാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 മണലൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം. ഡി.എ2/232/15/തസ്വഭവ) മണലൂർ എം.എൽ.എ ശ്രീ. പി.എ മാധവൻ മുഖേന)**

ഗ്രാമപഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ അനുവദിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് (ഫയൽനം. ഡി.എ2/231/15/തസ്വഭവ)**

2010-11 മുതൽ 2014-15 വരെ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വികസനരേഖ അച്ചടിക്കൽ പട്ടികജാതി പട്ടികവർഗ്ഗ യു.പി.ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം, ഉത്സവങ്ങൾക്ക് സംഭാവന നൽകൽ പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം എന്നീ 2015-16-ലെ പ്രോജക്ടുകൾ കോഓർഡിനേഷൻ കമ്മിറ്റിക്കല്ല ഡി.പി.സി ക്കാണ് സമർപ്പിക്കേണ്ടതെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് (ഫയൽനം. ഡി.എ2/239/15/തസ്വഭവ**

ജനറൽ വിഭാഗങ്ങളിൽപ്പെട്ട ബി.പി.എൽ കുടുംബാംഗങ്ങളായ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപും സൈക്കിളും വിതരണം ചെയ്യുന്ന പദ്ധതി പരിഗണനാർഹമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 മണലൂർ ഗ്രാമപഞ്ചായത്ത്**

**(ഫയൽനം. ഡി.എ2/232/15/തസ്വഭവ) മണലൂർ എം.എൽ.എ ശ്രീ. പി.എ മാധവൻ മുഖേന)**

ഗ്രാമപഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും സൗജന്യമായി ഭക്ഷ്യധാന്യം ലഭ്യമാക്കാനുള്ള പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായതിനാൽ പരിഗണനാർഹമല്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 പഞ്ചായത്ത് ഡയറക്ടറുടെ കത്ത് ഫയൽ നം. ഡി.എ1/30/15**

തിരുവനന്തപുരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീ.പി.കെ പ്രവീൺ എന്ന ജന്മനാ കാഴ്ചയില്ലാത്ത അപേക്ഷകന് ടോക്കിംഗ് സോഫ്ട് വെയർ സ്ഥാപിച്ച കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന് ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭിന്നശേഷിയുള്ളവരിൽ നിന്ന് ഗുണഭോക്തൃ വിഹിതം ഈടാക്കാൻ നിർദ്ദേശമില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 പുറക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഇ.പി.എ3/87/15)**

ഗ്രാമപ ഞ്ചായത്ത് ഓഫീസ് പ്രവർത്തനം പുതിയതായി പണി കഴിപ്പിച്ച കെട്ടിടത്തിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച് അനുവാദം ആവശ്യപ്പെട്ട തിന്മേൽ വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 തൊടിയൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.എ2/263/15/തസ്വഭവ)**

ടർക്കിക്കോഴി വളർത്തൽ പദ്ധതിക്ക് പകരം അടുക്കള മുറ്റത്ത് കോഴി വളർത്തൽ പദ്ധതി നടപ്പാക്കൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ആസൂത്രണ മാർഗരേഖപ്രകാരമുള്ള പ്രോജക്ട് ഭേദഗതി നടപടികൾ പാലിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 മെഴുവേലി ഗ്രാമപഞ്ചായത്ത് (ഫയൽ നം. ആർ.സി. 1 /32/15/തസ്വഭവ)**

ഐ.റ്റി.ഐ. ഗ്രാമപഞ്ചായത്തിന് വിട്ടു നൽകിക്കൊണ്ട് ലേബർ വകുപ്പിൽ നിന്ന് ഉത്തരവുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ ഗ്രാമപഞ്ചായത്തിലെ വനിത ഐ.റ്റി.ഐ.യ്ക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങി നൽകാൻ കഴിയുകയുള്ളൂ എന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.40 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്**

നന്നംമുക്ക് ഗ്രാമപഞ്ചായത്തിലെ 2 റോഡുകൾ ഗ്രാമപഞ്ചായത്തുമായി ചേർന്നുള്ള സംയുക്ത പ്രോജക്ടുകളാക്കി നടപ്പിലാക്കാൻ അനുമതി ആവശ്യപ്പെട്ടത് ചർച്ച ചെയ്യുകയും സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കാൻ നിലവിൽ വ്യവസ്ഥയുള്ളതായി നിരീക്ഷിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.41 പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്**

പഞ്ചായത്ത് ഓഫീസ് കെട്ടിടം ഫർണിഷിംഗ് പ്രവൃത്തി സിഡ്കോയെ ഏൽപ്പിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.42 കോട്ടയം ജില്ലാ പഞ്ചായത്ത്**

ജില്ലയിലെ മുത്തോലി, കൊഴുവനാൽ, കിടങ്ങൂർ, ഏറ്റുമാനൂർ എന്നീ ഗ്രാമപ ഞ്ചായത്തുകളുമായി ചേർന്ന് ജില്ലാ പഞ്ചായത്ത് സംയുക്തമായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 21 പ്രോജക്ടുകൾ പഞ്ചായത്തുകൾ മുഖേന സംയുക്ത പ്രോജക്ടായി ഏറ്റെടുക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 12.30 ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 03.06.2015 ൽ ഉച്ചകഴിഞ്ഞ് 3 മണിക്ക് (ക്യാബിനറ്റിനുശേഷം) ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**